**പതിനാലാം കേരള നിയമസഭ**
**പത്തൊൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.714** **04/03/2020 -ൽ മറുപടിക്ക്**

**ഈവനിംഗ് ബാച്ച് നിയമ ബിരുദധാരികൾക്ക് എൻറോൾമെന്റ്**

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.പി.സി. ജോർജ്** | | **ഡോ.കെ.ടി.ജലീൽ (ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി)** |
| (എ) സംസ്ഥാനത്ത് എത്ര ലോ കോളേജുകളിൽ എൽ.എൽ.ബി. ഈവനിംഗ് ബാച്ച് നടത്തുന്നുണ്ടെന്ന് അറിയിക്കാമോ; | (എ) | കേരള സർവകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള തിരുവനന്തപുരം ഗവൺമെന്റ് ലോ കോളേജ്, തിരുവനന്തപുരം കേരള ലോ അക്കാഡമി ലോ കോളേജ്, കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയുടെ കീഴിലുള്ള സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസ് ഡിപ്പാർട്ട്മെന്റ് എന്നിവിടങ്ങളിൽ ത്രിവത്സര എൽ.എൽ.ബി ഈവനിംഗ് ബാച്ച് നടത്തുന്നുണ്ട്. എം.ജി.സർവകലാശാലയുടെ പഠന വകുപ്പായ School of Indian Legal Thought-ൽ 2016 admission-നു ശേഷം ത്രിവത്സര, സായാഹ്ന എൽ.എൽ.ബി കോഴ്സിൽ പ്രവേശനം നടന്നിട്ടില്ല. |
| (ബി) ഈവനിംഗ് ബാച്ചുകളിൽ നിന്നും പഠിച്ചിറങ്ങുന്ന നിയമ ബിരുദ ധാരികൾക്കെല്ലാം എൻറോൾമെന്റ് അനുവദിച്ചിട്ടുണ്ടോ;<br>(സി) ഇല്ലെങ്കിൽ ഇതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (ബി) & (സി) | ഈവനിംഗ് ബാച്ചുകളിൽ നിന്നും പഠിച്ചിറങ്ങുന്ന നിയമ ബിരുദധാരികൾക്ക് അതത് സംസ്ഥാനങ്ങളിലെ ബാർ കൗൺസിലുകളാണ് എൻറോൾമെന്റ് അനുവദിക്കുന്നത്. എന്നാൽ, തിരുവനന്തപുരം ഗവൺമെന്റ് ലോ കോളേജിലെ സായാഹ്ന LL.B ബിരുദം കഴിഞ്ഞ് പഠിച്ചിറങ്ങുന്ന നിയമ വിദ്യാർത്ഥികൾക്ക് ബാർ കൗൺസിൽ ഓഫ് ഇന്ത്യയുടെ അപ്രൂവൽ ഓഫ് അഫിലിയേഷൻ ലഭിച്ചാൽ മാത്രമേ എൻറോൾ ചെയ്യുവാൻ കഴിയുകയുള്ളൂ. 2014-15 അക്കാദമിക വർഷം മുതൽ തിരുവനന്തപുരം ഗവൺമെന്റ് ലോ കോളേജിൽ സ്വാശ്രയ അടിസ്ഥാനത്തിൽ പുനരാരംഭിച്ച ത്രിവത്സര എൽ.എൽ.ബി കോഴ്സിന് 08/02/2017-ലെ ജി.ഒ(ആർ.ടി) നം.223/2017/ഉ.വി.വ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ത്രിവത്സര എൽ.എൽ.ബി യൂണിറ്ററി (അഡീഷണൽ ബാച്ച് സെൽഫ് ഫിനാൻസിംഗ്) എന്നാക്കി പുന:നാമകരണം ചെയ്തിട്ടുണ്ട്. പ്രസ്തുത കോഴ്സിന് ബാർ കൗൺസിൽ ഓഫ് ഇന്ത്യയുടെ അഫിലിയേഷൻ ലഭിക്കുന്നതിനു വേണ്ടി 2015 ൽ തന്നെ കോളേജ് അധികൃതർ അപേക്ഷ സമർപ്പിക്കുകയും, തുടർന്ന് 05/01/2020-ൽ ബാർ കൗൺസിൽ ഓഫ് ഇന്ത്യ പ്രസ്തുത കലാലയം സന്ദർശിച്ച് പോയിട്ടുള്ളതുമാണ്. ഇത് സംബന്ധിച്ച് ബാർ കൗൺസിൽ ഓഫ് ഇന്ത്യയുടെ ഉത്തരവ് നാളിതുവരെ ലഭ്യമായിട്ടില്ല . |

**സെക്ഷൻ ഓഫീസർ**